QP CODE: 24018811

24018811

Reg No : .....................

Name : .....................

# M A DEGREE (CSS) EXAMINATION , APRIL 2024

## Second Semester

M A MALAYALAM

## CORE - ML010203 - KERALA SAMSKARAM

2019 Admission Onwards

A9B000CB

Time: 3 Hours

Weightage: 30

**I. എട്ടു ചോദ്യത്തിന് ഓരോ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. സംസ്കാരപഠനത്തിന്റെ പുതുവഴികൾ പരിചയപ്പെടുത്തുക.
2. പ്രാചീന തമിഴകത്തിലെ പഞ്ചമഹാകാവ്യങ്ങൾ പരിചയപ്പെടുത്തുക.
3. കേരളത്തിലെ ദാർശനികപാരമ്പര്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നതെന്ത്?
4. കേരളത്തിലെ കൂറുവാഴ്ചയുടെ ചരിത്രം പരിശോധിക്കുക.
5. തിരുവിതാംകൂറിന്റെ സാംസ്കാരിക ചരിത്രത്തിൽ ഡച്ച് ആധിപത്യത്തിന്റെ സ്വാധീനം വിശദമാക്കുക.
6. കേരളത്തിന്റെ നീതിന്യായ വ്യവസ്ഥയിൽ ബ്രിട്ടീഷ് അധിനിവേശത്തിന്റെ ഫലമായുണ്ടായ ആധുനികീകരണം എപ്രകാരമായിരുന്നു?
7. ശ്രീനാരായണഗുരുവിന്റെ പ്രധാന കൃതികൾ ഏതെല്ലാം?
8. നിവർത്തനപ്രക്ഷോഭത്തിന്റെ ചരിത്രപ്രാധാന്യം പരിശോധിക്കുക.
9. നവോത്ഥാനസാഹിത്യത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.
10. സാഹിത്യവും സംസ്കാരവും തമ്മിലുള്ള പാരസ്പര്യത്തിന്റെ മാതൃകയായി കത്തുപാട്ടിനെ പരിഗണിക്കാമോ?വിശദീകരിക്കുക.

(8×1= 8 weightage)

**II. ആറു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

11. കേരളത്തിൽ ജൈനമതം നിലനിന്നിരുന്നു എന്നതിന്റെ ചരിത്രപരമായ അവശേഷിപ്പുകൾ എന്തെല്ലാമെന്ന് നിരീക്ഷിക്കുക.
12. കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ മുസ്ലീംമതത്തിന്റെ സ്ഥാനം വിലയിരുത്തുക.

13. കേരളീയ കലാപാരമ്പര്യത്തിൽ കൂടിയാട്ടത്തിന്റെ സ്ഥാനം അടയാളപ്പെടുത്തുക.

14. ബ്രിട്ടീഷ് അധിനിവേശം കേരളത്തിലുണ്ടാക്കിയ സാമൂഹിക പരിവർത്തനങ്ങൾ എന്തെല്ലാമാണ്?

15. കേരളീയ നവോത്ഥാന ചരിത്രത്തിൽ പാശ്ചാത്യ മിഷനറിമാരുടെ സ്വാധീനം വലയിരുത്തുക.

16. ക്ഷേത്രപ്രവേശനവിളംബരത്തിന്റെ സാമൂഹികപ്രസക്തി പരിശോധിക്കുക.

17. ഐക്യകേരള രൂപീകരണത്തിലേക്കു നയിച്ച സംഭവങ്ങൾ അപഗ്രഥിക്കുക.

18. എഴുപതുകളിൽ കേരളത്തിൽ തീവ്ര ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ രൂപീകരണത്തിനു കാരണമായ പശ്ചാത്തലം വിശദമാക്കുക.

(6×2= 12 weightage)

**III. രണ്ടു ചോദ്യത്തിന് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. വിദേശരാജ്യങ്ങളുമായുള്ള വാണിജ്യബന്ധം കേരളത്തിന്റെ സാമൂഹിക-സാംസ്കാരികരംഗങ്ങളിൽ ചെലുത്തിയ സ്വാധീനവും പരിവർത്തനങ്ങളും വിലയിരുത്തുക.

20. മലയാളഭാഷയുടെ വികാസപരിണാമത്തിൽ ശാസനങ്ങളുടെ പ്രാധാന്യം പരിശോധിക്കുക.

21. യൂറോപ്യൻ അധിനിവേശങ്ങൾ കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ ഉളവാക്കിയ പ്രതിഫലനങ്ങൾ എന്തെല്ലാം?

22. ആഗോളവത്കരണം കേരളീയസമൂഹത്തിൽ ചെലുത്തിയ സ്വാധീനം ചർച്ചചെയ്യുക.

(2×5= 10 weightage)